'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ദത്തൻ സി.എസ്, (സീനിയർ കെമിസ്റ്റ്,ഹൈടെക് സോയിൽ അനലറ്റിക്കൽ ലബോറട്ടറി, കല്പറ്റ)-കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവനം- കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.121/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/01/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ഫിൻ നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.583/2013/ഫിൻ.

3 29.12.2017തീയതിയിലെ സ.ഉ(സാധാ)നം.4195/2017/തസ്വഭവ.

4 01.02.2019 തീയതിയിലെ സ.ഉ(സാധാ)നം.220/2019/തസ്വഭവ

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/12/2019ലെ 13250/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കൽപ്പറ്റ ഹൈടെക് സോയിൽ അനലറ്റിക്കൽ ലബോറട്ടറി സീനിയർ കെമിസ്റ്റായ ശ്രീ. ദത്തൻ. സി.എസ്-ന്റെ കുടുംബശ്രീ സംസ്ഥാനമിഷനിൽ പ്രോഗ്രാം ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം(3) പ്രകാരം നിയമിക്കുകയും പരാമർശം(4) പ്രകാരം ടിയാളുടെ അന്യത്രസേവനം 31.12.2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 31.12.2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01.01.2020 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം(5)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൽപ്പറ്റ ഹൈടെക് സോയിൽ അനലറ്റിക്കൽ ലബോറട്ടറി സീനിയർ കെമിസ്റ്റ്-ന്റെ കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1),(2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/01/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ മുഖേന)

ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കൃഷി(ഇ.ബി)വകുപ്പ്(23.11.2019-ലെ ഇബി1/155/18/കൃഷി പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ